(8) പന്തളത്തെ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ നേരിടുന്ന അടച്ചുപൂട്ടൽ ഭീഷണി

ശ്രീ. കെ. കെ. ഷാജു : സർ, പന്തളത്ത് 1983-ൽ കെ.എസ്.ആർ.ടി.സി.യുടെ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിച്ചതാണ്. കഴിഞ്ഞ 20 വർഷത്തിനിടയിൽ യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം അതിന്റെ പുരോഗതിക്കുവേണ്ടി വളരെയധികം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇപ്പോൾ ആ ഓപ്പറേറ്റിംഗ് സെന്റർ അടച്ചുപൂട്ടാൻ പോകുന്നുവെന്ന പ്രചാരവേലയുടെ ഭാഗമായി മുൻ എം.എൽ.എ. യുടെ നേതൃത്വത്തിൽ സമരം നടക്കുകയാണ്. അതുകൊണ്ട് ഈ ഓപ്പറേറ്റിംഗ് സെന്റർ അടൂരുള്ളതുപോലെ എ. റ്റി. ഒ. ഓഫീസായി ഉയർത്തുന്നതിന് ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും ആവശ്യമായ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർ ഫാസ്റ്റ് അവിടെ കയറുന്നില്ല. പന്തളത്തിന്റെ പ്രാധാന്യം ഞാൻ എടുത്തു പറയേണ്ടതില്ലല്ലോ ? അവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യാപാര കേന്ദ്രങ്ങളുമൊക്കെയുള്ള പ്രദേശമാണ്. ആ പ്രദേശത്ത് കെ.എസ്.ആർ.ടി.സി. യുടെ സൂപ്പർ ഫാസ്റ്റുകൾ കയറുന്നില്ല. അത് ഡിപ്പോയിൽ കയറിപ്പോകുന്നതിനുള്ള സംവിധാനമുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, കെഎസ്ആർ.ടി.സി. ആലോചിക്കുകപോലും ചെയ്തിട്ടില്ലാത്ത കാര്യത്തിന് സമരം ചെയ്യുന്നത് എങ്ങനെയാണ് പരിഹരിക്കുക. ആലോചന പോലും ഉണ്ടായിട്ടില്ല. മാത്രമല്ല ഗവൺമെന്റ് ഈയടുത്തകാലത്ത് ഇറക്കിയ ഉത്തരവിൽ ദേശസാൽകൃത റൂട്ടുകളിൽ ഒരു കുഴപ്പവും ഉണ്ടാകരുത് എന്നാണ് പറഞ്ഞിരിക്കുന്നത്. പന്തളത്ത് ഇതിനെപ്പറ്റി കോർപ്പറേഷൻ ആലോചിച്ചിട്ടുപോലുമില്ല. യാതൊരു കാരണവശാലും നിറുത്തുകയില്ലായെന്ന് ഉറപ്പു തരാൻ ആഗ്രഹിക്കുകയാണ്. സൂപ്പർ ഫാസ്റ്റ് ബസ്സുകൾ എല്ലാ സ്ഥലത്തും കയറാനൊക്കുകയില്ല. പന്തളം സ്റ്റേഷൻ വളരെ ദൂരെയായതുകൊണ്ടുമാണ് സൂപ്പർ ഫാസ്റ്റ് ബസ്സുകൾ കയറാത്തത്. എല്ലാ സ്ഥലത്തും കയറ്റിയാൽ യാത്രക്കാർക്ക് വലിയ ബുദ്ധിമുട്ടാകും. കോട്ടയത്തേക്ക് നേരേ യാത്ര ചെയ്യുന്ന യാത്രക്കാരെ കയറ്റി പോകുമ്പോൾ, 16 സ്ഥലത്ത് ഒരാളും ഇല്ലാതെ കയറ്റി ഇറക്കുന്ന സാഹചര്യമുള്ളതുകൊണ്ടാണ് അങ്ങനെ തീരുമാനിച്ചത്. യാത്രക്കാരുടെ ആവശ്യം പ്രമാണിച്ചാണ് അങ്ങനെ തീരുമാനിച്ചത്. ട്രെയിൻ എല്ലാ സ്ഥലത്തും നിറുത്തുന്നില്ലല്ലോ. അതുപോലെ പന്തളത്തു പോകേണ്ട ആളുകൾ ഒരു ശതമാനം പോലുമില്ല. ഇതൊരു വലിയ അസൗകര്യമാണ്. അതുകൊണ്ട് അവിടെ നിറുത്തിയാൽ വലിയ ബുദ്ധിമുട്ടായിരിക്കും. അവിടത്തെ പഞ്ചായത്ത് പ്രസിഡന്റ് ബസ് സ്റ്റേഷൻ അവിടെ നിന്ന് മാറ്റണമെന്നും ജങ്ഷനിലേയ്ക്ക് കൊണ്ടുവരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ജങ്ഷനിൽ പഞ്ചായത്തിന്റെ സ്ഥലം തരാമെന്ന് പഞ്ചായത്ത് പറഞ്ഞിട്ടുണ്ട്. ആ സ്ഥലം കിട്ടുകയാണെങ്കിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരമാകും. ഇപ്പോഴുള്ള സ്ഥലം തിരിച്ചു തന്നേയ്ക്കാം ആ സ്ഥലം കോർപ്പറേഷനു തന്നാൽ മതി. മെമ്പർമാരും എല്ലാം കൂടി ശരിപ്പെടുത്തി തന്നാൽ പന്തളം സ്റ്റേഷൻ പുതിയ എൻ.എച്ച്-ന്റെ അടുത്ത് കൊണ്ടുവരാം, ഈ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly